"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - 2023-24 അദ്ധ്യയന വർഷത്തെ സ്കൂൾ യൂണിഫോം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 2202-01-102-95(P)) എന്ന H/A വകയിരുത്തിയിട്ടുള്ള 140 കോടി രൂപയുടെ ഭരണാനുമതി നൽകിയ ഉത്തരവ് പുതുക്കി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (എം) വകുപ്പ്**

സ.ഉ.(സാധാ) നം.3334/2023/GEDN തീയതി,തിരുവനന്തപുരം, 08-06-2023

പരാമർശം:- 1. സ.ഉ( സാ.ധാ )നം. 3021/23/പൊവിവ തിയതി 25/5/23

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 01/06/2023-ലെ ഡി.ജി.ഇ /8581/23-എസ്.പി.2 നമ്പർ കത്ത്.

**ഉത്തരവ്**

2023-24 അദ്ധ്യയന വർഷത്തെ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 2202-01-102-95(P)) എന്ന H/A വകയിരുത്തിയിട്ടുള്ള 140 കോടി രൂപയുടെ ഭരണാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(2) എന്നാൽ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കുന്നത് രണ്ടു രീതിയിലാണ്. സംസ്ഥാനത്തെ സ്റ്റാന്റ് എലോൺ എൽ.പി. , യു.പി. സർക്കാർ സ്കൂളുകളിലും, എൽ.പി. വിഭാഗം എയ്ഡഡ് സ്കൂളുകളിലും (1മുതൽ 4 വരെ) കുട്ടികൾക്ക് കൈത്തറി യൂണിഫോം നൽകി വരുന്നു.സൗജന്യ കൈത്തറി യൂണിഫോം നൽകാത്ത 1 മുതൽ 8 വരെയുള്ള സർക്കാർ ഹൈസ്കൂളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾക്കും എയിഡഡ് വിഭാഗം ഹൈസ്കൂളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോഡി യൂണിഫോമിന് തയ്യൽക്കൂലി അടക്കം 600/- രൂപ നിരക്കിൽ അലവൻസ് ആയും നൽകി വരുന്നു. ആയതിനാൽ പ്രസ്തുത ഉത്തരവ് സ്കൂൾ യൂണിഫോം പദ്ധതിക്കായി എന്ന് പുതുക്കി നൽകണമെന്ന് പരാമർ ശം (2) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് പ്രോപ്പോസൽ സമർപ്പിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ യൂണിഫോം പദ്ധതിക്കായി 2202-01-102-95(P)) എന്ന H / A നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള 140 കോടി രൂപ മേൽപ്രകാരം വിനിയോഗിക്കുന്നത് പരാമർശം (1) പ്രകാരം നൽകിയ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SUNITHA.S.GEORGE

അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ) കേരള, തിരുവനന്തപുരം.

3. ഡയറക്ടർ, കൈത്തറി &ടെക്സ്റ്റയിൽസ് , തിരുവനന്തപുരം
4. വ്യവസായ വകുപ്പ്
5. ധനകാര്യ വകുപ്പ് .
6.ചീഫ് എക്സിക്യുട്ടീവ് ഓഫീസർ ,കൈറ്റ് ,പൂജപ്പുര ,തിരുവനന്തപുരം (വിദ്യാഭ്യാസ വകുപ്പിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
7. ഐ & പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (E File No.എം2/205/23/പൊവിവ )

ഉത്തരവിൻ പ്രകാരം

Signed by

Namitha T

Date: 08-06-2023 14:47:56

സെക്ഷൻ ഓഫീസർ